# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 296** **07/08/2017-ൽ മറുപടിക്ക്**

## ജി.എസ്.ടി.യുടെ മറവിൽ കൃത്രിമ മരുന്നുക്ഷാമം സൃഷ്ടിക്കുന്ന സംഘടനകൾക്കെതിരെയുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ജി.എസ്.ടി.യുടെ മറവിൽ കൃത്രിമ മരുന്നുക്ഷാമം ഉണ്ടാക്കുവാൻ സംസ്ഥാനത്തെ മരുന്ന് മൊത്ത വിതരണക്കാരുടെ സംഘടനകൾ സ്വീകരിച്ചിരിക്കുന്ന നടപടിയുമായി ബന്ധപ്പെട്ട് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അധികൃതർക്ക് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; | എ) | ഇല്ല |
| ബി) | കൃത്രിമ മരുന്ന് ക്ഷാമം ഉണ്ടാകാതിരിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ? | ബി) | ജി.എസ്.ടി പ്രാബല്യത്തിൽ വരുന്നതുമായി ബന്ധപ്പെട്ട് മരുന്ന് ക്ഷാമം ഉണ്ടാകാതിരിക്കുവാൻ എല്ലാ മരുന്ന് നിർമ്മാതാക്കളുടെയും/ വിതരണക്കാരുടെയും ഡിപ്പോ/ഗോഡൗണുകളിലും, മൊത്ത വ്യാപാരികളുടെ പക്കലും ആവശ്യത്തിന് മരുന്നുകളുടെ സ്റ്റോക്ക് ഉണ്ടെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധിച്ച് ഉറപ്പ് വരുത്തിയിരുന്നു. കൂടാതെ സർക്കാർ തലത്തിൽ, മരുന്ന് നിർമ്മാതാക്കളുടെയും, മൊത്ത/ചില്ലറ വ്യാപാരികളുടെയും യോഗം വിളിച്ച് ചേർത്ത് ജി.എസ്.ടി-യുമായി ബന്ധപ്പെട്ടുണ്ടായ ആശയക്കുഴപ്പങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ